0 8 JUN 2018
4969
670

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ പാസ്സാകുന്ന പഠിതാക്കൾക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ് എന്ന് രേഖപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം. 79/ 2018/ പൊ.വി.വ. തീയതി, തിരുവനന്തപുരം, 04.06.2018

---

പരാമർശം :
1. സ.ഉ(കൈ) നം. 138/ 2013/ പൊ.വി.വ തീയതി 18.04.2013
2. സ.ഉ(സാധാ) നം. 3541/ 2015/ പൊ.വി.വ തീയതി 22.08.2015
3. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 03.01.2018 ലെ ഇ 4/ 6221/ 17/ കേ.സം.സാ.മി.അ നമ്പർ കത്ത്.
4. ഹയർ സെക്കണ്ടറി ഡയറക്ടറുടെ 30.01.2018 ലെ IX/ 1/ 911/ 2018/ എച്ച്.എസ്.ഇ നമ്പർ കത്ത്.
5. എസ്.സി.ഇ.ആർ.റ്റി ഡയറക്ടറുടെ 19.05.2018 ലെ പ്രോഗ്രാം2/ 1813/ 2018/ എസ്.സി.ഇ.ആർ.റ്റി നമ്പർ കത്ത്
6. ഹയർ സെക്കണ്ടറി ഡയറക്ടറുടെ 25.05.2018 ലെ IX/ 1/ 911/ 2018/ എച്ച്.എസ്.ഇ നമ്പർ കത്ത്.

4
8/6/18

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് (ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകൾ) ആരംഭിക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാ മിഷന് അനുമതി നല്കുകയും, പരാമർശം (2) പ്രകാരം പ്രസ്തുത പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ജോലികളുടെയും പൂർണ്ണചുമതല ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന് നല്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന ഹയർ സെക്കണ്ടറി തുല്യതാ പഠിതാക്കളുടെ ആദ്യ ബാച്ചിന്റെ (2015- 2017) രണ്ടാം വർഷ പരീക്ഷ 2017 ഒക്ടോബർ മാസം നടത്തുകയുണ്ടായെന്നും ഫല പ്രഖ്യാപനത്തിനുശേഷം പ്രിന്റ് ചെയ്ത് നല്കുന്ന സർട്ടിഫിക്കറ്റിൽ എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ് എന്ന് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുകളൊന്നും ഇല്ലാത്തതിനാൽ സർട്ടിഫിക്കറ്റ് പ്രിന്റിംഗ് തുടങ്ങാനായിട്ടില്ല എന്നും ഒന്നാം ബാച്ചിലെ തുല്യതാ പഠിതാക്കൾക്ക് വൈകാതെ സർട്ടിഫിക്കറ്റ് നല്കേണ്ട സാഹചര്യത്തിൽ ഹയർ

സെക്കണ്ടറി തുല്യതാ പരീക്ഷ വിജയിക്കുന്ന ഒരു പഠിതാവ് ഉപരിപഠനത്തിന് അർഹനാണോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നല്കണമെന്നും കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2 കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ സിലബസ്, കോഴ്സ് ഘടന, പരിശീലനം എന്നിവ ഉപരിപഠനത്തിന് പര്യാപ്തമായ രീതിയിലാണ് നടത്തുന്നതെന്നും, സർട്ടിഫിക്കറ്റിൽ എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ് എന്ന് രേഖപ്പെടുത്തിയാൽ പഠിതാക്കൾക്ക് തുടർ കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് അവസരം ഉണ്ടാകുമെന്നും, സർട്ടിഫിക്കറ്റിൽ എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ് എന്ന് ഉൾപ്പെടുത്താവുന്നതാണെന്നും ഹയർ സെക്കണ്ടറി ഡയറക്ടറും, എസ്.സി.ഇ.ആർ.റ്റി ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടർ, എസ്.സി.ആർ.റ്റി ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് പഠിച്ച് പരീക്ഷ പാസ്സാകുന്ന പഠിതാക്കൾക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ് എന്ന് രേഖപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം
ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
എസ്.സി.ഇ.ആർ.റ്റി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ഐ &പി.ആർ.ഡി (സർക്കാരിന്റെ ഔദ്യോഗിക വെ ബ്സൈ റ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ( അനൗ.നം.റൂൾസ്-2/84/2018/ ഉ ഭ പ വ തീയതി : 14/05/2018
ഉന്നതവിദ്യാഭ്യാസ(ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ